**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4552** **19-03-2025 - ൽ മറുപടിയ്ക്ക്**

**ജോലിയുള്ള സ്ത്രീകൾക്കായി ഹോസ്റ്റലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി** | | **ശ്രീ ഒ . ആർ. കേളു (പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് എല്ലാ ജില്ലകളിലും പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജോലിയുള്ള സ്ത്രീകൾക്ക് വേണ്ടി ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഇത് എപ്പോൾ പ്രയോഗത്തിൽ വരുത്താൻ കഴിയുമെന്നും വിശദമാക്കാമോ? | (എ) | സംസ്ഥാനത്തെ 6 കോർപ്പറേഷനുകളിൽ (തിരുവനന്തപുരം, കൊല്ലം, കൊച്ചി, കോഴിക്കോട്, തൃശ്ശൂർ, കണ്ണൂർ) ജോലിയുള്ള സ്ത്രീകൾക്ക് വേണ്ടി ഹോസ്റ്റലുകൾ ആരംഭിക്കാൻ 2022-23 സാമ്പത്തികവർഷം 60 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു . ഇതിൻ പ്രകാരം പ്രാരംഭ ചെലവുകൾക്കായി 5 ലക്ഷം രൂപാവീതം "ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്ക് അനുവദിച്ച് നൽകിയിരുന്നു. എന്നാൽ ബന്ധപ്പെട്ട ജില്ലകളിൽ അനുയോജ്യമായ സ്ഥലത്ത് ഹോസ്റ്റലിനായി കെട്ടിടം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ആയത് കണ്ടെത്താനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ